STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.89/PR/SPMC/PHQ/2023 Date:20.08.2023

# സാമൂഹ്യ മാധ്യമങ്ങളിൽ ശ്രദ്ധേയമായി പോലീസിന്റെ ഇത്തിരി നേരം ഒത്തിരി കാര്യം

ഇത്തിരി നേരം ഒത്തിരി കാര്യം എന്ന പോലീസിന്റെ ദൈനംദിന സോഷ്യൽ മീഡിയ ക്യാംപയിന് മികച്ച പ്രതികരണം. പോലീസ് നൽകുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകാൻ ചിങ്ങം ഒന്നുമുതലാണ് കേരളാ പോലീസിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ ഇത്തിരി നേരം ... ഒത്തിരി കാര്യം എന്ന പേരിൽ ക്യാംപയിൻ ആരംഭിച്ചത്.

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കേണ്ടതെങ്ങനെ, സൈബർ കുറ്റകൃത്യങ്ങൾ എങ്ങനെ റിപ്പോർട്ട് ചെയ്യാം, ആക്സിഡന്റ് ജി ഡി എൻട്രി എങ്ങനെ ലഭിക്കും, ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട് അഥവാ എഫ്.ഐ.ഐർ എന്നാൽ എന്ത്, അതെങ്ങനെ ലഭിക്കും എന്നിങ്ങനെ ദൈനംദിന ജീവിതത്തിൽ നിങ്ങൾക്ക് ആവശ്യമായി വരുന്ന പോലീസ് സേവനങ്ങളെ കുറിച്ചും അവ സുഗമമായി ലഭിക്കുന്ന മാർഗ്ഗങ്ങളെ കുറിച്ചും വളരെ ലളിതമായി പോലീസ് ഈ പംക്തിയിലൂടെ പറഞ്ഞ് തരുന്നു.

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കേണ്ടതെങ്ങനെയെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ആദ്യ ദിനത്തിൽ നൽകിയത്. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നത് എങ്ങനെയെന്നും വിശദീകരിച്ചു. ഓൺലൈനായി അപേക്ഷ നൽകുന്നത് മുതൽ പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ് ആയ പോൽ-ആപ് ഡൗൺ ലോഡ് ചെയ്യുന്നതടക്കം എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടായിരുന്നു ഉത്തരം. തുണ പോർട്ടൽ വഴി സർട്ടിഫിക്കറ്റ് നേടുന്നത് എങ്ങനെയെന്നും വിശദമാക്കുന്നുണ്ട്.

സൈബർ തട്ടിപ്പുകളിൽപ്പെട്ടാൽ ഉടനടി അറിയിക്കേണ്ട 1930 എന്ന ഹെൽപ് ലൈൻ നമ്പർ പരിചയപ്പെടുത്തുന്നതായിരുന്നു രണ്ടാം ദിവസത്തെ പോസ്റ്റ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ സംവിധാനത്തിന്റെ പ്രാധാന്യവും കേസ് രജിസ്ട്രേഷനൻ വരെയുള്ള കാര്യങ്ങളും ഇതിൽ പങ്കുവച്ചു.മൊബൈൽ ഫോൺ നഷ്ടപ്പെട്ടാൽ എന്ത് ചെയ്യണം എന്നത് ഉൾപ്പെടെയുള്ള വിവരങ്ങൾ അടുത്ത ദിവസങ്ങളിൽ ക്യാംപയിന്റെ ഭാഗമായി വിശദീകരിക്കും.

പോലീസ് നൽകുന്ന വിവിധതരം സേവനങ്ങലെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുകയാണ് ക്യാമ്പയിന്റെ ലക്ഷ്യം. തട്ടിപ്പുകൾക്കെതിരെയും കുറ്റകൃത്യങ്ങൾക്കെതിരെയും പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും ക്യാംമ്പയിൻ വഴി സാധിക്കും.

ചിങ്ങം ഒന്നിന് ആരംഭിച്ച ക്യാംമ്പയിനിലൂടെ എല്ലാ ദിവസവും വൈകുന്നേരം 4 മണിക്ക് പോലീസിന്റെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജിൽ പ്രാധാന്യമേറിയ പുതിയ വിഷയങ്ങൾ അവതരിപ്പിക്കും.

******************************